**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5320 — 23-05-2017-ലെ മറുപടിക്ക്

## അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസിയർ തസ്തികകളിലെ ഒഴിവ്

| **ചോദ്യം**<br>**ശ്രീ. ടി.വി. ഇബ്രാഹിം** | | **ഉത്തരം**<br>**ഡോ.കെ.ടി.ജലീൽ**<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി |
|---|---|---|
| (എ) ഗ്രാമപ്പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ എന്ന് നിയമനം നടത്താൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നതെന്ന് അറിയിക്കാമോ; ഇതിന്റെ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഒന്നാംതരം ഓവർസിയർമാരുടെ ഒഴിവുകൾ നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും നികത്തിയിട്ടുള്ളതാണ്. അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ, പി.എസ്.സി ലിസ്റ്റിൽ നിന്നും, പ്രൊമോഷൻ വഴിയും നികത്തി വരുന്നു. രണ്ടാംതരം ഓവർസിയർ തസ്തികയുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ട്. പി.എസ്.സി-യിൽ നിന്ന് അഡ്വൈസ് വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. മൂന്നാംതരം ഓവർസിയർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഒഴിവുകൾ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതിന് എല്ലാ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) മലപ്പുറം ജില്ലയിലെ മുതുവല്ലൂർ പളിക്കൽ ഗ്രാമപഞ്ചായത്തിൽ ഓവർസിയർ/ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിഞ്ഞ് കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) ടി ഒഴിവ് നികത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) & (ഡി) | ഉണ്ട്. ടി ഒഴിവ് നികത്താൻ, സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**